(എ) യു. ഡി. എഫ്. സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് കടക്കെണിമൂലം എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്നും അവരുടെ ജില്ല തിരിച്ചുള്ള കണക്കുകളും ലഭ്യമാക്കാമോ;

(ബി) സംസ്ഥാനം കേന്ദ്ര സർക്കാരിന് നൽകിയ റിപ്പോർട്ട് അനുസരിച്ച് കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിലോരോന്നിലും എത്ര കർഷകർ ആണ് ആത്മഹത്യ ചെയ്തിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ;

(സി) കേരളത്തിലെ കർഷകരുടെ കടബാദ്ധ്യത എത്ര ശതമാനമാണെന്നാണ് നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷൻ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിനു വേണ്ടി സർക്കാർ സ്വീകരിച്ചിട്ടുള്ള ആശ്വാസ നടപടികൾ എന്തൊക്കെയായിരുന്നു എന്നു പറയാമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽവന്നതിനുശേഷം 2001 മുതൽ 2004 വരെ സംസ്ഥാനത്ത് 213 കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2005-ൽ 21 കർഷകർ ആത്മഹത്യ ചെയ്തതായി ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(ബി) ജില്ലാ കളക്ടർമാർ നൽകിയ റിപ്പോർട്ട് അനുസരിച്ച് 2000 മുതൽ 2004 വരെ 218 കർഷകർ ആത്മഹത്യ ചെയ്തു എന്ന് കലണ്ടർ വർഷത്തെ ആസ്പദമാക്കിയുള്ള കണക്കാണ് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളത്.

(സി) നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷൻ പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം കേരളത്തിലെ ഓരോ കർഷക കുടുംബത്തിന്റെയും ശരാശരി കടബാദ്ധ്യത 33907 രൂപയാണ്.

(ഡി) കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്കു വേണ്ടി സർക്കാർ സ്വീകരിച്ചിട്ടുള്ള ആശ്വാസ നടപടികൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.††

ലോണുകൾ തിരിച്ചടയ്ക്കാൻ കഴിയാത്തതിനാലുള്ള ആത്മഹത്യ

76. [76] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രയാസങ്ങളാൽ ബാങ്ക് ലോണുകളും മറ്റു ലോണുകളും തിരിച്ചടക്കാൻ കഴിയാതെ എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

†, †† അനുബന്ധം XI, XI എ

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ജപ്തി നോട്ടീസ് ലഭിച്ചതിനെത്തുടർന്ന് എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി, സി) ജപ്തി നോട്ടീസ് ലഭിച്ചതിനെത്തുടർന്ന് വയനാട് ജില്ലയിൽ 2 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

കടബാധ്യതയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കുടുംബങ്ങൾ

77. [77] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്ത് എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്;

(ബി) ഇതേ കാലയളവിൽ എത്ര കുടുംബങ്ങൾ കൂട്ട ആത്മഹത്യ ചെയ്തിട്ടുണ്ട്;

(സി) ഇതിൽ സാമ്പത്തിക പ്രയാസവും ബാങ്ക് ലോൺ തിരിച്ചടക്കാൻ കഴിയാത്തതുംമൂലം ആത്മഹത്യ ചെയ്തവരെത്ര; ഇതേ കാലയളവിൽ മറ്റ് കടബാധ്യത യിൽപ്പെട്ട് ആത്മഹത്യ ചെയ്ത കുടുംബങ്ങൾ എത്ര;

(ഡി) കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തവരുടെ കടബാധ്യത എഴുതി തള്ളുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) തീരുമാനമെടുത്തിട്ടില്ല.

അജ്ഞാത മൃതദേഹങ്ങൾ

78. [78] ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര അജ്ഞാത മൃതദേഹങ്ങൾ കണ്ടെത്തുകയുണ്ടായി;

(ബി) ഇതിൽ പുരുഷന്മാർ, സ്ത്രീകൾ, കുട്ടികൾ എത്രവീതം; തിരിച്ചറിയാൻ കഴിയാത്തവ എത്ര;

LIBRARY ARCHIVES Kerala Legislative Assembly